## ചരിത്രാഖ്യായിക ആരംഭിക്കുന്നു

ചരിത്രം

അബ്ദുർറഹ്മാൻ മങ്ങാട്



# സൈനബ്(റ)

**സൈനബിന്** പത്തു വയസ്സു തികഞ്ഞു. കുലീനമായ ആകർഷണീയതയുണ്ടായിരുന്നു അവളുടെ മുഖത്തിന്. ആരുടെയും ഹൃദയത്തെ സ്പർശിക്കുന്ന പക്വതയാർന്ന നിഷ്കളങ്കത പെരുമാറ്റത്തിലും. എങ്ങനെ ഇതൊക്കെ ഇല്ലാതിരിക്കും? ഖദീജയുടെയും മുഹമ്മദിന്റെയും മകളാണ്. നാലു പെൺമക്കളിൽ മൂത്തവൾ.

ഖദീജ മക്കയിലെ പ്രസിദ്ധയായ കച്ചവടക്കാരിയാണ്. മാന്യനായ മുഹമ്മദ് അവരുടെ ഭർത്താവ്. വിശ്വസ്തതക്കും സത്യസന്ധതക്കും മക്കയുടെ മരുഭൂനഗരത്തിൽ ആ ചെറുപ്പക്കാരനെ വെല്ലാനൊരാളും ഇതുവരെ പിറന്നിട്ടില്ല.

സ്നേഹമസൃണമായ സാത്വികതയോടെ നീതിമാനായ മുഹമ്മദ് കടന്നു പോകുമ്പോൾ വേദജ്ഞാനികളായ ജൂതവൃദ്ധന്മാർ പറയും, ദൈവം ഇയാൾക്കു മേൽ കടാക്ഷിച്ചിരിക്കുന്നു. പ്രവാചക ലക്ഷണങ്ങളെല്ലാം തികഞ്ഞവൻ മുഹമ്മദ്. ശത്രുക്കൾ പോലും അദ്ദേഹത്തെ ആദരവോടെ വിളിച്ചു- 'അൽഅമീൻ'.

മൂത്ത കുട്ടിക്ക് കിട്ടുന്ന സ്നേഹവാത്സല്യങ്ങൾ സൈനബിനു വേണ്ടുവോളം കിട്ടി. ഒരു മരുപ്പച്ചയുടെ മുഴുവൻ ലാവണ്യങ്ങളുമായി അവൾ വളർന്നുവരികയാണ്. ഖുറൈശി ചെറുപ്പക്കാരുടെ കണ്ണിൽ, പത്തുവയസ്സു കഴിഞ്ഞപ്പോൾ തന്നെ അവൾ സ്ഥാനംപിടിച്ചുകഴിഞ്ഞിരുന്നു. മാതാപിതാക്കൾ ഭാവി വരനായി ആരെയാണ് അവൾക്കു വേണ്ടി തെരഞ്ഞെടുക്കുകയെന്നാലോചിച്ച് അനേകം യുവഹൃദയങ്ങൾ തപിച്ചു. അതേപ്പറ്റി മക്കയിലെ ബസാറുകളിൽ ചർച്ചകൾ നടന്നു.

സൈനബ് വളരുകയായിരുന്നു; ഇതൊന്നുമറിയാതെ. അല്ലെങ്കിൽ ഇതൊന്നും ശ്രദ്ധിക്കാതെ.

സമ്പത്തും മാന്യതയുമുള്ള മക്കയിലെ ഒരു ചെറുപ്പക്കാരൻ മറ്റാരെക്കാളും ഈ ബന്ധം ആഗ്രഹിച്ചു. മറ്റാരുമായിരുന്നില്ല ആ യുവാവ്. ഖദീജയുടെ സഹോ

മൂത്ത കുട്ടിക്ക് കിട്ടുന്ന സ്നേഹ വാത്സല്യങ്ങൾ സൈനബിനു വേണ്ടുവോളം കിട്ടി. ഒരു മരുപ്പച്ചയുടെ മുഴുവൻ ലാവണ്യങ്ങളുമായി അവൾ വളർന്നുവരികയാണ്. ഖുറൈശി ചെറുപ്പക്കാരുടെ കണ്ണിൽ, പത്തുവയസ്സു കഴിഞ്ഞപ്പോൾ തന്നെ അവൾ സ്ഥാനംപിടിച്ചുകഴിഞ്ഞിരുന്നു. മാതാപിതാക്കൾ ഭാവി വരനായി ആരെയാണ് അവൾക്കു വേണ്ടി തെരഞ്ഞെടുക്കുകയെന്നാലോചിച്ച് അനേകം യുവഹൃദയങ്ങൾ തപിച്ചു. അതേപ്പറ്റി മക്കയിലെ ബസാറുകളിൽ ചർച്ചകൾ നടന്നു.

ദരീ പുത്രൻ അബുൽ ആസ് ആയിരുന്നു അത്. മറ്റാർക്കും ലഭിക്കാത്ത ആനുകൂല്യങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. യൗവനം തുളുമ്പിനിന്ന അബുൽ ആസിനെ തന്റെ മൂത്തുമ്മ സ്വന്തം പുത്രനെപ്പോലെയാണ് പരിഗണിച്ചത്. തന്റെ സഹോദരി ഹാലയുടെ മകൻ തന്റെ കൂടി മകനാണെന്ന് അവർക്ക് തോന്നിയിരിക്കണം. ഏതു സമയത്തും ആ വീട്ടിലേക്കു പ്രവേശിക്കാനുള്ള സ്വാതന്ത്ര്യം അവനുണ്ടായിരുന്നു. എപ്പോഴും സൈനബിന്റെ ഭാവിവരനെന്നു സ്വയം തോന്നിപ്പിക്കുന്ന ഹൃദ്യമായ അനുഭവമാണ് അവനെ എതിരേൽക്കാറുള്ളത്. വളർച്ചയുടെ ഓരോ പടവുകൾ കയറുംതോറും മനസ്സിലെ ആഗ്രഹങ്ങളും വളർന്നുകൊണ്ടിരുന്നു.

പക്വമതിയായിരുന്നു സൈനബ്. ഇളയ സഹോദരങ്ങളെ ഉത്തരവാദപൂർണം പരിചരിക്കുന്ന എല്ലാ ആങ്ങളമാർക്കും പെങ്ങന്മാർക്കും സ്വാഭാവികമായും വന്നുചേരുന്ന പക്വത. അത് സൈനബിന്റെ വ്യക്തിത്വത്തെ കൂടുതൽ ആകർഷകവും ചടുലവുമാക്കി. അമ്പത് കഴിഞ്ഞ ഉമ്മ ഖദീജയെ അവളെപ്പോഴും സഹായിച്ചു. തുടർച്ചയായ ഗർഭവും പ്രസവവും അവരെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. അതുകൊണ്ട്, എല്ലാ നല്ല കുട്ടികളെയും പോലെ ഉമ്മക്കു പരിരക്ഷയും സഹായവുമാകുന്ന ഉത്തരവാദിത്വം അവളെന്നും സ്വയം ഏറ്റെടുത്തു.

മൂത്തമ്മയുടെ വീട്ടിൽ പോകുമ്പോഴെല്ലാം അബുൽ ആസ് അവളെ കാണാറുണ്ട്. നിഗൂഢമായ ഏതോ കാന്തികശക്തി തന്നെ അവളിലേക്ക് ആകർഷിക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. സൈനബിന്റെ സൗന്ദര്യവും സ്നേഹശാലീനതയും ബുദ്ധികൂർമതയും പെരുമാറ്റത്തിലെ സൗമ്യതയുമൊക്കെ അയാളുടെ ശ്രദ്ധയെ പിന്നെയും പിന്നെയും വിരുന്നൂട്ടി.

കച്ചവടത്തിന്റെ തിരക്കുകൾക്കിടയിൽ അബുൽ ആസിനു പലപ്പോഴും മൂത്തമ്മയുടെ വീട്ടിൽ-സൈനബിന്റെ വീട്ടിൽ എന്നു പറയാനാണ് അബുൽ ആസിനിഷ്ടം- പോകാൻ കഴിയാറില്ല. ചിലപ്പോൾ ഈ വിടവ് മാസങ്ങളോളം നീണ്ടുനിൽക്കും. പ്രത്യേകിച്ചും ഹജ്ജു കാലങ്ങളിൽ. വിദൂരദേശങ്ങളിൽനിന്നു വന്ന ഹാജിമാരും കച്ചവടസംഘങ്ങളും ചേർന്ന് മക്കയും പരിസരവും നിറഞ്ഞു കവിയും. ഉഷ്ണകാലത്തും ശൈത്യകാലത്തും ഉത്തര ദക്ഷിണ ഭാഗങ്ങളിലേക്കായി നടത്താറുള്ള കച്ചവടയാത്രകളും അബുൽ ആസിനെ നാട്ടിൽനിന്നും അകറ്റിനിർത്താറുണ്ട്. മാസങ്ങളുടെ അകൽച്ചയെക്കുറിച്ചോർത്ത് ഹൃദയം വിങ്ങിപ്പൊട്ടും. അപ്പോഴൊക്കെ മനസ്സു നിറയെ 'ഉമ്മുൽ ഖുറാ'യിലെ ഓർമകളായിരിക്കും. ആ കൊച്ചു പെൺകുട്ടിയുടെ പുഞ്ചിരിക്കുന്ന മുഖവും വശ്യമായ പെരുമാറ്റവും കർമകുശലതയുമെല്ലാം മരുഭൂമിയിലൂടെയുള്ള യാത്രയിൽ മനസ്സിനു തണലും പച്ചപ്പുമേകും. മണൽക്കൂനകൾ താണ്ടി, ഒട്ടകപ്പുറത്തിരുന്ന് ആടിയാടിയുള്ള യാത്രകളുടെ വിഷാദമധുരമായ ഓർമപ്പെടുത്തലുകളിൽ, ജീവിതത്തിന്റെ മരീചികകൾക്കെല്ലാമപ്പുറത്ത് അയാൾ തന്റെ ഹൃദയത്തിന്റെ മരുപ്പച്ചയെ അറിഞ്ഞു. സൈനബ്, ഞാൻ നിന്നെ പ്രണയിക്കുകയാണ് എന്ന് അയാളുടെ ആത്മാവ് പ്രപഞ്ചത്തിന്റെ ആത്മാവിനോട് ആവുന്നത്ര ആഴത്തിലും ഉച്ചത്തിലും മൊഴിഞ്ഞു.


ഹാശിം കുടുംബത്തിലെ ചെറുപ്പക്കാർ ഏതാണ്ട് എല്ലാവരും ആ വീടുമായുള്ള ബന്ധം ആഗ്രഹിക്കുന്നവരാണെന്ന കാര്യം ഒരിക്കലും അബുൽ ആസ് മറക്കാറില്ല. എങ്കിലും മനസിലെപ്പോഴും ഒരു ധൈര്യമുണ്ട്, ഒരു സമാധാനവും. അത് മറ്റാർക്കുമില്ലാത്ത ഒരു സ്ഥാനം ഉമ്മുൽ ഖുറായിൽ തനിക്കുണ്ട് എന്നുള്ളതാണ്. മറ്റാരെക്കാളും സൈനബിനെ അറിയാനും അവളുടെ സ്നേഹവും അടുപ്പവും നേടിയെടുക്കാനും തനിക്കാണല്ലോ കഴിഞ്ഞിട്ടുള്ളത്.

ആ ആത്മവിശ്വാസം മറ്റുള്ളവരുമായി ഒരു തുറന്ന ഏറ്റുമുട്ടലിന് തടസ്സം നിൽക്കുന്നുണ്ട്. അതിനാൽ, തന്റെ ഹൃദയത്തിന്റെ വിശുദ്ധ സുന്ദരമായ രഹസ്യം സ്വന്തം മൂത്തമ്മയോട് പങ്കുവെക്കണമെന്ന് അബുൽ ആസ് ആശിച്ചു. ഓരോ വരവിലും പോക്കിലും സൈനബ് തന്നെയായിരിക്കും തന്റെ ഏറ്റവും നല്ല കൂട്ടുകാരിയെന്ന പ്രതീക്ഷയും വിശ്വാസവും കൂടുതൽ കൂടുതൽ ബലപ്പെട്ടു.

എന്നാൽ, വളരെ പെട്ടെന്ന് ആ പെൺകുട്ടിയുടെ മനസ്സിലേക്ക് കടന്നുകയറണമെന്ന് അബുൽ ആസ് വിചാരിച്ചില്ല. ഏതെങ്കിലും തരത്തിലുള്ള സമ്മർദത്തിലൂടെ അവളുടെ മനസ്സ് തുറക്കണമെന്നും അയാൾക്കു തോന്നിയില്ല. നാണം കുണുങ്ങിയായ സൈനബ് വളരുകയാണ്. അവളുടെ സ്നേഹം കവർന്നെടുക്കാനുള്ള ഏതു ശ്രമവും സ്ത്രീസഹജമായ അവളുടെ ലജ്ജയെ നശിപ്പിക്കും. കുട്ടിത്തം ഇല്ലാതാക്കും. അതുകൊണ്ട് അയാൾ മനസ്സിനെ നിയന്ത്രിച്ചു. അവിവേകമൊന്നും ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചു. തീർച്ചയായും വളരെ ഭാരിച്ച ഉത്തരവാദിത്വമായിരുന്നു അത്. ഒരുപാട് ബന്ധനങ്ങൾ തന്നിലുണ്ട്. കൊച്ചു സൈനബ് തന്നോട് ഇടപഴകുന്നത് ഏറ്റവും സ്വാഭാവികമായിട്ടാണ്. എന്തെങ്കിലും ഭയമോ പ്രയാസങ്ങളോ മുൻ തീരുമാനങ്ങളോ അവളുടെ പെരുമാറ്റത്തിൽ നിഴലിക്കുന്നു പോലുമില്ല. അവൾ തന്നെക്കാണുമ്പോഴൊക്കെ ഹൃദ്യമായി അഭിവാദ്യം ചെയ്യുന്നു, കുശലമന്വേഷിക്കുന്നു, തമാശകൾ പറയുന്നു, ആശ്വാസം കൊള്ളുക പോലും ചെയ്യുന്നു.

നിരന്തരമായ യാത്രയും പരീക്ഷണങ്ങളും അന്യദേശവാസങ്ങളും തന്റെ വ്യക്തിത്വത്തെ പാകപ്പെടുത്തിയിട്ടുണ്ടെന്ന് അബുൽ ആസ് മനസ്സിലാക്കി. സൈനബിനും അതനുഭവപ്പെടു

> പക്വമതിയായിരുന്നു സൈനബ്. ഇളയ സഹോദരങ്ങളെ ഉത്തരവാദപൂർണം പരിചരിക്കുന്ന എല്ലാ ആങ്ങളമാർക്കും പെങ്ങന്മാർക്കും സ്വാഭാവികമായും വന്നുചേരുന്ന പക്വത. അത് സൈനബിന്റെ വ്യക്തിത്വത്തെ കൂടുതൽ ആകർഷകവും ചടുലവുമാക്കി. അമ്പത് കഴിഞ്ഞ ഉമ്മ ഖദീജയെ അവളെപ്പോഴും സഹായിച്ചു. തുടർച്ചയായ ഗർഭവും പ്രസവവും അവരെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു. അതുകൊണ്ട്, എല്ലാ നല്ല കുട്ടികളെയും പോലെ ഉമ്മക്കു പരിരക്ഷയും സഹായവുമാകുന്ന ഉത്തരവാദിത്വം അവളെന്നും സ്വയം ഏറ്റെടുത്തു.



ന്നുണ്ടായിരുന്നു. മക്കയിൽ അവൾ കണ്ട ചെറുപ്പക്കാർക്കൊന്നുമില്ലാത്ത തന്റേടവും ആർജവവും തന്റെ ഇക്കാക്കയിൽ അവൾ അറിഞ്ഞു.

ഏതൊരു യാത്ര കഴിഞ്ഞാലും കഅ്ബക്കു ശേഷം രണ്ടാമത്തെ 'ഖിബ്‌ല'യായി അബുൽ ആസ് കാണാറുള്ളത് സൈനബിന്റെ വീടാണ്. അബുൽ ആസിന്റെ വരവ് സൈനബിനെ എപ്പോഴും സന്തോഷിപ്പിച്ചു. യാത്രക്കിടയിൽ കണ്ടുമുട്ടിയ അത്ഭുതങ്ങളും അനുഭവങ്ങളും സരസമായി വിവരിക്കുന്നതു കേൾക്കാൻ അവൾക്ക് വലിയ താൽപര്യമാണ്. താനിനിയും കണ്ടിട്ടില്ലാത്ത വിവിധ ജനവിഭാഗങ്ങളെക്കുറിച്ചുള്ള അബുൽ ആസിന്റെ ഹൃദ്യമായ വിവരണം കേൾക്കുമ്പോൾ, കൂടെ സഞ്ചരിക്കുന്ന പ്രതീതിയാണ് സൈനബിന്. പലപ്പോഴും മടക്കയാത്രകളിൽ മനോഹരമായ എന്തെങ്കിലും ആഭരണങ്ങളോ പാരിതോഷികങ്ങളോ അവൾക്കുവേണ്ടി കൊണ്ടുവരും. വളരെ സന്തോഷത്തോടെ അവൾ അവ സ്വീകരിക്കും. കുടുംബബന്ധം അരക്കിട്ടുറപ്പിക്കുന്ന ഊഷ്മളമായ പാരിതോഷികങ്ങളായേ അവയെ എല്ലാവരും കണക്കാക്കാറുള്ളൂ.

അബുൽ ആസിന് തന്റെ പ്രയണഭാരത്തിന്റെ പ്രതിഫലനങ്ങൾ കൂടിയായിരുന്നു ഓരോ സമ്മാനവും. പതുക്കെയാണെങ്കിലും സൈനബിന്റെ കുഞ്ഞിളം മനസ്സും വിടരാൻ തുടങ്ങി. ബുദ്ധിമാനും നല്ലവനുമായ തന്റെ ഇക്കാക്ക അവളുടെ ഹൃദയത്തിലേക്ക് കൂടെക്കൂടെ കയറിവന്നു. മാസ്മരികവും പരിശുദ്ധവുമായ ആ സാന്നിധ്യം അവളുടെ വികാരങ്ങളെ അൽപാൽപമായി ചലിപ്പിച്ചുതുടങ്ങി. ഉറക്കത്തിൽ പോലും ജാഗ്രതയോടെ മക്കളെ സ്നേഹിച്ച അവളുടെ ഉമ്മ എല്ലാം അറിയുന്നുണ്ടായിരുന്നു. ബുദ്ധിമതിയായ ഖദീജക്ക് എല്ലാം വ്യക്തമായിരുന്നു. നിസ്സംശയം സൈനബിന്റെ മനസ്സിൽ അബുൽ ആസ് സ്ഥാനംപിടിച്ചു കഴിഞ്ഞുവെന്ന് അവരറിഞ്ഞു. അത് തന്റെ ഭർത്താവിനോട് പറയണമെന്ന് ഖദീജ തീരുമാനിച്ചു.

> നിഷ്കളങ്കതയുടെയും കുലീനതയുടെയും പര്യായമായ സൈനബിന് നന്മയുടെയും വിശ്വസ്തതയുടെയും പ്രതീകമായ അബുൽ ആസ്. മക്കയുടെ ഹൃദയങ്ങൾ ഹൃദ്യമായ ആ മംഗളദിനത്തിനു കാത്തിരുന്നു. മുഹമ്മദിന്റെ ഭവനം കല്യാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തി. മുന്തിയ ഇനം സുഗന്ധദ്രവ്യങ്ങൾ ശേഖരിക്കാൻ ആളുകളെ ഏർപ്പാടാക്കി. കല്യാണവീട്ടിലേക്ക് നല്ലതരം വസ്തുക്കൾ സമാഹരിക്കാൻ ഖദീജയും വിവിധ വ്യാപാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു.

** ** ** **

സൈനബും അബുൽ ആസും ഹവ്വായെയും ആദമിനെയും പോലെ പരസ്പരം ആകൃഷ്ടരാണെന്ന മനോഹര സത്യം മറ്റാരെക്കാളും നന്നായി മനസ്സിലാക്കാനാവുക തന്റെ പ്രിയപ്പെട്ട ഭർത്താവ് മുഹമ്മദിനാണെന്ന് ഖദീജക്കറിയാമായിരുന്നു. അദ്ദേഹത്തെ പോലെ കരുണയോടെ മനുഷ്യരെ സ്നേഹിക്കുന്ന ഒരാളെയും തന്റെ വിശാലമായ കച്ചവടയാത്രകളിലൊന്നും ഖദീജ കണ്ടിട്ടില്ല. കേട്ടിട്ടുപോലുമില്ല. ആഴമേറിയ സാത്വിക മന്ദസ്മിതത്തോടെയാണ് മുഹമ്മദ് ഖദീജയുടെ വാക്കുകൾ ശ്രവിച്ചത്. തന്റെ പ്രഥമ പുത്രിയുടെ മനസ്സിലെ മാറ്റങ്ങളെക്കുറിച്ച് അനുഭവസ്ഥയായ അവളുടെ ഉമ്മ പറയുന്നതു കേട്ട് മുഹമ്മദ് പ്രാർഥനാപൂർവം ഇരുന്നു. ദാമ്പത്യജീവിതത്തിലേക്കു കടന്നുവരാൻ കാത്തിരിക്കുന്ന യുവമിഥുനങ്ങളോട് വളരെ അനുകമ്പാ പൂർണമായ സമീപനമാണ് ഉപ്പ സ്വീകരിച്ചത്.

അബുൽ ആസിന്റെ മനസ്സും വിമ്മിട്ടപ്പെടുകയായിരുന്നു. സൈനബിന്റെ ഉപ്പയുമായി ഇക്കാര്യം സംസാരിക്കണമെന്ന് നല്ലവനായ ആ ചെറുപ്പക്കാരൻ ആഗ്രഹിച്ചു. ആദ്യമയാൾ സ്വന്തം മാതൃസഹോദരിയായ ഖദീജയോടുതന്നെ മനസ്സിലെ മോഹങ്ങൾ തുറന്നു പറഞ്ഞു. സ്നേഹമയിയായ ഖദീയുടെ അനുവാദത്തോടെ അബുൽ ആസ് മുഹമ്മദിനെ സമീപിച്ചു. സൈനബിനെ വിവാഹം കഴിക്കാൻ ആഗ്രഹമുണ്ടെന്ന് ധരിപ്പിച്ചു. വളരെ

താൽപര്യപൂർവം മുഹമ്മദ് എല്ലാം ശ്രദ്ധിച്ചു കേട്ടു. ഈ ബന്ധം പരസ്പരം അനുയോജ്യമാണെന്നു തോന്നിയ മുഹമ്മദ് പറഞ്ഞു: "ഞാൻ സൈനബിനോടൊന്ന് ആലോചിക്കട്ടെ. മറ്റാരെക്കാളും ഇക്കാര്യത്തിൽ അഭിപ്രായം പറയേണ്ടത് അവളാണല്ലോ."

അബുൽ ആസിനോട് തന്റെ മകൾക്ക് മാനസികാടുപ്പമുണ്ടെന്ന് മുഹമ്മദിന്നറിയാമായിരുന്നു. എങ്കിലും അദ്ദേഹം സ്വന്തമായി ഒരു തീരുമാനമെടുത്തില്ല. മകളുമായി മുഖാമുഖം സംസാരിക്കുന്നതിനു മുമ്പെ ഉമ്മ മുഖേന കാര്യം അവളെ അറിയിച്ചു. തുടർന്ന് അവളുടെ മുമ്പിൽ ചെന്ന് അദ്ദേഹം ചോദിച്ചു: "മോളേ സൈനബ്, നിന്റെ ഉമ്മയുടെ സഹോദരീ പുത്രൻ നിന്നെ വിവാഹം ചെയ്യുന്നതിനെക്കുറിച്ച് എന്നോട് സംസാരിച്ചു. നിന്റെ അഭിപ്രായമെന്താണ്?" അവൾ പരസ്യമായി മറുപടിയൊന്നും പറഞ്ഞില്ല. നാണം കുണുങ്ങിയായ സൈനബ് എന്തെങ്കിലും മറുപടി പറയുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചിരുന്നുമില്ല. പക്ഷേ, സ്വന്തം ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്ന പ്രധാന വിഷയത്തിൽ, പെൺമക്കൾക്ക് തികഞ്ഞ അവകാശമുണ്ടെന്ന് ലോകത്തെ അറിയിക്കേണ്ടതുണ്ടായിരുന്നു അദ്ദേഹത്തിന്. ഹൃദയത്തിന്റെ വിശുദ്ധമായ മിടിപ്പുകളെ മുഹമ്മദ് ബഹുമാനിച്ചു. പുറത്തിറങ്ങിയ അദ്ദേഹം കാത്തുനിൽക്കുകയായിരുന്ന അബുൽ ആസിനെ ആശിർവദിച്ചു പറഞ്ഞുവിട്ടു.

ആ വാർത്ത മക്കയുടെ തെരുവുകളും കുടിലുകളും ഏറ്റെടുത്തു. സൈനബിനെ വിവാഹം കഴിക്കണമെന്നാശിച്ച യുവഹൃദയങ്ങൾ തപിച്ചു. എങ്കിലും, തെരഞ്ഞെടുത്ത ബന്ധത്തെ ആരും ആക്ഷേപിച്ചില്ല. പക്ഷേ, ചിലരെങ്കിലും ഇങ്ങനെ പറഞ്ഞു: 'മാതൃസഹോദരീ പുത്രനേക്കാളും പിതൃസഹോദരീ പുത്രന്മാരായിരുന്നു കൂടുതൽ അനുയോജ്യം.'

അബുൽ ആസിനെക്കുറിച്ച് ആർക്കും മറുത്തൊന്നും പറയാനുണ്ടായിരുന്നില്ല. നല്ലതു മാത്രമേ അയാൾ ചെയ്തിട്ടുള്ളൂ. അല്ലെങ്കിൽ തന്നെ എന്തു പറയാനാണ്? ശുദ്ധമായ ഖുറൈശി വംശ പാരമ്പര്യമാണ് ആ ചെറുപ്പക്കാരനുള്ളത്. പിതാവ് വഴി നോക്കിയാൽ മൂന്നാമത്തെ പിതാമഹൻ അബ്ദുമനാഫിൽ മുഹമ്മദുമായി ബന്ധം സന്ധിക്കുന്നു. അബ്ദു മനാഫിന്റെ പുത്രൻ അബ്ദുശ്ശംസിന്റെ പുത്രൻ അബ്ദുൽ ഉസ്സയുടെ പുത്രൻ റബീഇന്റെ മകനാണ് അബുൽ ആസ്. മാതൃവംശം പരിഗണിച്ചാലോ അവരുടെ ഏറ്റവും മൂത്ത പിതാമഹനിലൂടെ കുടുംബബന്ധം ഒരുമിച്ചുകൂടുന്നു. അബുൽ ആസിന്റെ ഉമ്മ മുഹമ്മദിന്റെ പത്നി ഖദീജയുടെ സഹോദരി ഹാലയാണ്. ചുരുക്കത്തിൽ എല്ലാ നിലക്കും പരിശുദ്ധമായ ബന്ധം.

ജനങ്ങൾക്കിടയിൽ 'അൽഅമീൻ' ആയിരുന്നുവല്ലോ മുഹമ്മദ്. അബുൽ ആസും മക്കക്കാരുടെ വിശ്വാസ പാത്രമായിരുന്നു. ജനങ്ങളുടെ വിശ്വാസമാർജിക്കാനും തന്മൂലം വമ്പിച്ച മുതൽമുടക്കോടെ പ്രമുഖ വ്യാപാരിയായി മാറാനും അദ്ദേഹത്തിനു കഴിഞ്ഞു. ചിലർ ഇങ്ങനെ അഭിപ്രായപ്പെട്ടു: 'അബുൽ ആസിനെ സൈനബിന്റെ ഭർത്താവായി തെരഞ്ഞെടുക്കാൻ സഹായിച്ചതും അവന്റെ ആഗ്രഹം യാഥാർഥ്യമാക്കാൻ മുഖ്യമായും പങ്കുവഹിച്ചതും ഖദീജയാണ്'. വേറെ ചിലർ പറഞ്ഞത് മറ്റൊന്നാണ്: 'മുഹമ്മദിന് യഥാർഥത്തിൽ ഹാശിം കുടുംബത്തിൽനിന്നുതന്നെ വരനെ കണ്ടെത്തണമെന്ന ആഗ്രഹമുണ്ടായിരുന്നു. ഖദീജയുടെ ഇംഗിതം അദ്ദേഹം പാലിച്ചതാവണം.'

അബുൽ ആസിന്റെ മുന്നിൽ സൗകര്യങ്ങളൊരുക്കിയത് ഖദീജയാണെന്നത് ശരിയാണ്. പക്ഷേ, മക്കയിലെ ഏത് തറവാട്ടിൽനിന്നും വധുവിനെ സ്വീകരിക്കാനുള്ള സാമ്പത്തികവും സാമൂഹികവുമായ ഉന്നതിയും ജീവിതവിശുദ്ധിയും മാനുഷിക മൂല്യങ്ങളുമെല്ലാം അബുൽ ആസിൽ ഒത്തിണങ്ങിയിരുന്നു.

നിഷ്കളങ്കതയുടെയും കുലീനതയുടെയും പര്യായമായ സൈനബിന് നന്മയുടെയും വിശ്വസ്തതയുടെയും പ്രതീകമായ അബുൽ ആസ്. മക്കയുടെ ഹൃദയങ്ങൾ ഹൃദ്യമായ ആ മംഗളദിനത്തിനു കാത്തിരുന്നു. മുഹമ്മദിന്റെ ഭവനം കല്യാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തി. മുന്തിയ ഇനം സുഗന്ധദ്രവ്യങ്ങൾ ശേഖരിക്കാൻ ആളുകളെ ഏർപ്പാടാക്കി. കല്യാണ വീട്ടിലേക്ക് നല്ലതരം വസ്തുക്കൾ സമാഹരിക്കാൻ ഖദീജയും വിവിധ വ്യാപാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ടായിരുന്നു.

അബുൽ ആസിന്റെ ഹൃദയവും വീടും നവാതിഥിയെ സ്വീകരിക്കാനുള്ള തയാറെടുപ്പുകളാൽ സജീവമായി. വീടു പുതുക്കാനായി തന്റെ വലിയ സമ്പാദ്യത്തിന്റെ ഒരു ഭാഗം അബുൽ ആസ് നീക്കിവെച്ചു.

മംഗല്യസുദിനം അവിസ്മരണീയമായിരുന്നു. സൈനബ്- അബുൽ ആസ് വിവാഹത്തിന്റെ മാറ്റൊലി മക്കയുടെ മുക്കുമൂലകളിലെല്ലാം പ്രതിധ്വനിച്ചു. ധാരാളം മൃഗങ്ങൾ ബലിയറുക്കപ്പെട്ടു. ജനങ്ങൾ മുഴുവൻ ക്ഷണിക്കപ്പെട്ടിരുന്നു. ധനികരും ദരിദ്രരും ഒരുപോലെ സുഭിക്ഷതയറിഞ്ഞു. മുഹമ്മദിന്റെ കുടുംബം വധുവിനെ അവളുടെ പുതിയ വീട്ടിലേക്ക് അനുഗമിച്ചു. മുഹമ്മദും പത്നി ഖദീജയും നവദമ്പതികൾക്ക് ആശീർവാദങ്ങൾ നേർന്ന് കുറേനേരം അവിടെ ചെലവഴിച്ചു. തന്റെ അനിയത്തിമാരും മാതാപിതാക്കളുമൊത്ത് കളിച്ചു ചിരിച്ചു വളർന്ന വീട്ടിൽനിന്നുള്ള വേർപാടിന്റെ ഭാരമിറക്കാൻ സൈനബിന് ഇതെല്ലാം ഒത്തിരി ഉപകരിച്ചു.

അങ്ങനെ മനോഹരമായ ഒരു ദാമ്പത്യം അവിടെ ആരംഭിച്ചു. സർവവിധ ഐശ്വര്യങ്ങളും വേദനകളും അവർ സസന്തോഷം പങ്കുവെച്ചു.

(തുടരും)